# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.348. 25.06.2013 ൽ മറുപടിയ്ക്ക്.

## സ്കൂൾ വാഹനങ്ങളിലെ പരിശോധന

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ<br>,, കെ. മുരളീധരൻ<br>,, വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) സ്കൂൾ വാഹനങ്ങൾ പരിശോധിക്കു ന്ന തിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുളളതെ ന്ന് വിശദമാക്കുമോ ; | (എ) | മോട്ടോർ വാഹന നിയമങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായി വാഹനത്തിന്റെ ഓരോ ഭാഗങ്ങളും പരിശോധനയ്ക്ക് വിധേയമാക്കി അവ പൂർണ്ണമായും പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ സ്കൂൾവാഹനത്തിന് പ്രത്യേകമായി നിഷ്ക്കർഷിച്ചിട്ടുള്ള താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്നും പരിശോധിക്കുന്നുണ്ട് :<br>(1) വാഹനം 1989ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 (ഡി) യിൽ നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ ;<br>(2) വാഹനം 1989ലെ കേരള മോട്ടോർ വാഹന ചട്ടം 290, 291 എന്നിവ പ്രകാരം നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടോ ;<br>(3) വാഹനത്തിൽ സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ടോ എന്നും, ആയത് പ്രവർത്തിക്കുന്നുണ്ടോ ; കൂടാതെ അദ്ധ്യയന വർഷാരംഭത്തിൽ സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി നൽകിയിരിയ്ക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കുന്നുണ്ടോ എന്നുറപ്പുവരുത്താൻ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മഴക്കാലത്തിന് മുൻപ് മൊത്തത്തിൽ വാഹനങ്ങളുടെ തേയ്മാനം സംഭവിച്ച ടയർ മാറ്റുന്നതിനും വൈപ്പർ, ഹെഡ് ലൈറ്റ് എന്നിവയുടെ തകരാറുകൾ പരിഹരിയ്ക്കുവാനും വാഹന ങ്ങളുടെ ബ്രേക്ക് സംവിധാനം ശരിയാംവണ്ണം സുരക്ഷിതമാണോ എന്ന് നോക്കാനും ഒരു പ്രീ മൺസൂൺ പരിശോധന നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സർക്കാരും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയും നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് |

| | | |
|---|---|---|
| | | നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി സർക്കുലർ നം.6/11 പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ ബസ്സിൽ കയറ്റേണ്ട കുട്ടികളുടെ എണ്ണം, ബസിന്റെ വേഗത, ഡ്രൈവറുടെ യോഗ്യത എന്നീ കാര്യങ്ങളിൽ കർശന നിയന്ത്രണം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഓട്ടോറിക്ഷയിലും, കാറുകളിലും, മറ്റ് സ്വകാര്യ വാഹനങ്ങളിലും അനുവദനീയമായതിലും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്നത് തടയുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. സ്കൂൾ വാഹനങ്ങളുടെ അമിത വേഗത, പ്രത്യേകിച്ച് സ്കൂൾ മേഖലകളിൽ, നിയന്ത്രിക്കുന്നതിനായി പോലീസ് വകുപ്പ് പ്രത്യേക വാഹന പരിശോധനകൾ നടത്തുന്നുണ്ട്. ഇതിനായി ആധുനിക ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.<br>ഓരോ സ്കൂളിലും കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളെ സംബന്ധിച്ച് ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കുവാനും അതിൽ ഡ്രൈവറുടെയും വാഹനത്തിന്റെയും അതിൽ യാത്ര ചെയ്യുന്ന കുട്ടികളുടെയും വിശദവിവരങ്ങൾ എഴുതി സൂക്ഷിക്കുവാനും ഇതിന്റെ ദൈനംദിന കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും സ്കൂളിൽ ഒരു അദ്ധ്യാപകനെ/അദ്ധ്യാപികയെ ചുമതലപ്പെടുത്തുവാനും അടുത്ത പോലീസ് സ്റ്റേഷനിൽ നൽകുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനുപരിയായി കുട്ടികളുടെ സുരക്ഷയും മറ്റ് അനുബന്ധ കാര്യങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും മോനിട്ടർ ചെയ്യുന്നതിനും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസഡയറക്ടർ നൽകിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) | മോട്ടോർ വാഹന വകുപ്പ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ്. |
| (സി) വാഹനങ്ങളുടെ യാത്രാക്ഷമത , സുരക്ഷ , നിലവാരം എന്നിവ പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (സി) | വാഹനങ്ങളുടെ യാത്രാക്ഷമത, സുരക്ഷ, നിലവാരം എന്നിവ മോട്ടോർ വാഹന വകുപ്പ്, വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഡ്രൈവർക്ക് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടോ എന്നും കുട്ടികളുടെ സുരക്ഷയ്ക്കായി വാഹനങ്ങളിൽ കെയർടേക്കർമാർ ഉണ്ടോ എന്നും അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കുട്ടികളെ കയറ്റുന്നുണ്ടോ എന്നും |

| | | |
|---|---|---|
| | | മതിയായ സുരക്ഷാ സംവിധാനങ്ങൾ വാഹനങ്ങളിൽ സൂക്ഷിച്ചിട്ടുണ്ടോ എന്നുമുള്ള കാര്യങ്ങൾ പോലീസ് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇത്തരം വാഹനങ്ങളുടെ അമിത വേഗത പരിശോധിക്കുന്നതിനായി അത്യാധുനിക ഉപകരണങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. |
| (ഡി) വാഹന പരിശോധനയ്ക്ക് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | സ്കൂൾവാഹനങ്ങൾ നിയമപ്രകാരമുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും പാലിച്ചു കൊണ്ടാണ് സർവ്വീസ് നടത്തുന്നതെന്ന് മോട്ടോർ വാഹന വകുപ്പ് പതിവ് വാഹന പരിശോധനയിൽ ഉറപ്പു വരുത്തുന്നുണ്ട്. സ്കൂൾ ബസ്സുകളുൾപ്പെടെയുള്ള വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കൂടുതൽ കർശനവും സുതാര്യവുമാക്കി മാറ്റുക എന്നുള്ള ഉദ്ദേശത്തോടുകൂടി കോഴിക്കോട് ചേവായൂരിൽ കമ്പ്യൂട്ടറൈസഡ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സെന്റർ ആരംഭിച്ചു കഴിഞ്ഞു. കണ്ണൂരിലുള്ള ഇളയാവൂരിലും ഇത്തരത്തിലുള്ള സംവിധാനമേർപ്പെടുത്തു-ന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സംവിധാനം പടിപടിയായി കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്ത് റഡാർ സർവൈലൻസ് നടപ്പാക്കിയിട്ടുണ്ട്. എറണാകുളത്ത് അത് സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കൈറഡാറുകൾ വിവിധ സബ് ഓഫീസുകളിൽ വാഹന പരിശോധനയ്ക്ക് ഉപയോഗിച്ചുവരുന്നു. കൂടാതെ ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും പരിശോധന നടത്തിവരുന്നു. വിദ്യാർത്ഥികളെ കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങളുടെയും അതിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളുടെയും സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രക്ഷിതാക്കളും, പൊതുജനങ്ങളും,സ്കൂൾ അധികൃതരും കർശനമായി പാലിക്കുന്നതിന് വേണ്ട ബോധവൽക്കരണത്തിന്റെ ഭാഗമായി അവ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.